പാലക്കാട് ജില്ലയിലെ വ്യവസായശാലകളിൽ വൈദ്യുതി മോഷണം

31 [1119] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വ്യവസായശാലകളിൽ വ്യാപകമായ തോതിൽ വൈദ്യുതി മോഷണം നടത്തുന്നത് കെ.എസ്.ഇ.ബി.യുടെ ആന്റി പവർ തെഫ്റ്റ് സ്കാഡ് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസായശാലകളാണ് ഇത്തരത്തിൽ വൈദ്യുതി മോഷണം നടത്തിയതെന്നും ഓരോ വ്യവസായശാലകളും എത്ര ലക്ഷം രൂപയുടെ വൈദ്യുതി മോഷണം നടത്തിയതെന്നും വ്യക്തമാക്കുമോ ;

(സി) ആകെ എത്രകോടി രൂപയുടെ മോഷണമാണ് ഇത്തരത്തിൽ കണ്ടെത്തിയത്; ടി തുക ബോർഡ് ഈടാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) വൈദ്യുതി മോഷണത്തിൽ കെ. എസ്. ഇ. ബി. ജീവനക്കാരുടെ സഹായം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

സ്ഥാപനത്തിന്റെ പേര്	അസ്സെസ് ചെയ്ത തുക (രൂപ)
ലിബ്രാ സ്റ്റീൽസ്	57,15,360
പാരഗൺ സ്റ്റീൽസ്	7,11,76,273
കെ. ആർ. അലോയ്സ്	2,19,79,388
പത്മബാലാജി അലോയ്സ്	3,98,40,035
അരുൺലക്ഷ്മി അലോയ്സ്	1,50,87,478
ട്രാൻസ്മെറ്റൽസ് അലോയ്സ്	1,01,97,424
ഭൂപതി സ്റ്റീൽസ്	23,38,771
വി. എസ്. ആർ. ഇലക്ട്രോ തെർമിക്സ്	1,10,53,416
സൺ മെറ്റൽസ് ആന്റ് അലോയ്സ്	4,26,510
സൗത്ത് മലബാർ സ്റ്റീൽസ്	6,73,920
ശ്രീനാരായണ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്	9,42,356
എ. പി. സ്റ്റീൽസ്	32,40,000
ആഞ്ജനേയ കെമിക്കൽസ്	2,04,120
എം. എ. സ്റ്റീൽസ്	2,00,45,289

GCPT. 2/2311/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആകെ 20,29,20,340 രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തി അപ്പീൽ സമർപ്പിക്കപ്പെട്ട കേസുകളിൽ പിഴത്തുകയുടെ 20 ശതമാനം ഈടാക്കി റീ കണക്ഷൻ നൽകുകയും അപ്പീലിലെ അന്തിമ തീരുമാനമനുസരിച്ച് ബാക്കി തുകയും ഈടാക്കുകയും ചെയ്യുന്നുണ്ട്.

(ഡി) ഏതാനും വൈദ്യുത മോഷണക്കേസുകളിൽ ജീവനക്കാരുടെ പങ്ക് വെളിവാക്കപ്പെട്ടിട്ടുണ്ട്.

പാടൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മാറ്റുന്ന നടപടി

32 [1120] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പാടൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) നിലവിലുള്ള കെട്ടിടത്തിൽ നിന്നും പാടൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മാറ്റരുതെന്നാവശ്യപ്പെടുന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) കെട്ടിടം മാറ്റുന്ന കാര്യം പരിഗണനയിലുണ്ടെങ്കിൽ ഏത് കെട്ടിടത്തിലേക്കാണ് മാറ്റുന്നതെന്നും അതിന്റെ വാടക നിശ്ചയിച്ചിട്ടുള്ളത് എത്രയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) നിലവിലുള്ള കെട്ടിടത്തിന്റെ വാടക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറ്റരുതെന്ന ഉപഭോക്താക്കളുടെ താല്പര്യം അനുസരിച്ച് കെട്ടിടം മാറ്റുന്നതിനുള്ള നിർദ്ദേശം ഉപേക്ഷിക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഏത് കെട്ടിടത്തിലേയ്ക്കാണ് മാറ്റേണ്ടതെന്ന് തീരുമാനിച്ചിട്ടില്ല.

(ഡി) പ്രതിമാസം 2000 രൂപ.

(ഇ) ബോർഡിന്റെയും ഉപഭോക്താക്കളുടെയും താൽപര്യം പരിഗണിച്ചശേഷം മാത്രമേ തീരുമാനമെടുക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly